4. *Lonely Planet Travel Awards*

- Best Destination for families

5. *PATA Awards*

- Gold Award for E-News Letter
- Corporate Social Responsibility for Kumarakom

6. *CNBC Awaaz Award*

- Best City Kochi

7. *Conde Nast Traveller Award*

- Favourite Indian Leisure Destination - Runner up

8. *Web Ratna Awards 2014*

- Golden Icon Award for www.keralatourism.org in the " Outstanding Content " category

2015

1. *Golden City Gate Award-ITB Berlin*

- Gold-Television Campaign-The Great BackWaters

ഇവ കൂടാതെ വകുപ്പ് പങ്കെടുത്ത വിവിധ ദേശീയ മേളകളിൽ കേരളാ ടൂറിസം സ്റ്റാളിനും കേരളാ ടൂറിസത്തിനും വിവിധ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. യു.എൻ.ഒ.-യുടെ ഉപസംഘടനയെ യുണൈറ്റഡ് നേഷൻസ് വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ (യു.എൻ.ഡബ്ല്യു.റ്റി.ഒ.) അവാർഡ് ലഭിച്ചിട്ടുണ്ട്. ഇത് എക്സലൻസ് ആന്റ് ഇന്നൊവേഷൻ ഇൻ ടൂറിസം എന്ന മത്സരവിഭാഗത്തിൽ കമരകത്ത് നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസം സംരംഭത്തിനാണ് ലഭിച്ചിട്ടുള്ളത്.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ വീഴ്ച

343 (1009) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകരുടെ എണ്ണം വർദ്ധിച്ചതോടെ അപകടങ്ങളും വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിനോദസഞ്ചാര മേഖലയ്ക്ക് ഹാനിയുണ്ടാക്കുന്ന അപകടങ്ങളും അപകടമരണങ്ങളും ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തത, അപകട സൂചകങ്ങൾ ഇല്ലാത്ത അവസ്ഥ, സുരക്ഷ ഉദ്യോഗസ്ഥരുടെ അഭാവവും അലംഭാവവും എന്നിവയൊക്കെ പരിഹരിച്ച് പ്രസ്തുത മേഖല കൂടുതൽ സുരക്ഷിത മാക്കാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവത്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രത്യേക പരിശീലനം സിദ്ധിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാർഗ്ഗങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും അപകടസാധ്യതയുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാന്മാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് 'Life Jacket' പോലുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജലയാനങ്ങളിൽ നിരീക്ഷണം നടത്തി ടൂറിസ്റ്റുകൾക്ക് കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള House Boat Tracking System നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ടൂറിസം മേഖലയെ കൂടുതൽ സുരക്ഷിതമാക്കാൻ ടൂറിസം വാർഡന്മാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രാദേശിക ടൂറിസം നിക്ഷേപകരുടെയും പോലീസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ രൂപീകരിച്ച് വിനോദസഞ്ചാരികളുടെ സുരക്ഷ കൂടുതൽ ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ടൂറിസം കേന്ദ്രങ്ങൾക്ക് സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി 'ജീവൻ രക്ഷാ സന്നദ്ധ സേവകൻ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനും പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. നിലവിലുള്ള ലൈഫ്ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരികളെ ബാധിക്കുന്ന അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായി ആകസ്മികതകളിൽ അടിയന്തരമായി ഇടപെടാൻ പര്യാപ്തമായ 'കണ്ടിജൻസി റെസ്പോൺസ് സെൽ' സംസ്ഥാനതലത്തിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിർദ്ദിഷ്ട ടൂറിസം നയത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി

344 (1010) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട് ; അതിൽ ആഭ്യന്തര വിനോദസഞ്ചാരികൾ എത്ര ; വിദേശ വിനോദസഞ്ചാരികൾ എത്ര ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) വിനോദസഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധനവ് സംസ്ഥാനത്തിന്റെ വരുമാനം എത്രത്തോളം വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ)

വർഷം	വിനോദസഞ്ചാരികൾ		ആകെ
	ആഭ്യന്തരം	വിദേശം	
2011	93,81,455	7,32,985	101,14,440
2012	100,76,854	7,93,696	108,70,550
2013	108,57,811	8,58,143	117,15,954
2014	116,95,411	9,23,366	126,18,777

LIBRARY ARCHIVES Kerala Legislative Assembly